ENTRI
1 Crore User Downloads

# CURRENT AFFAIRS 31 DEC 2024


ജിമ്മി കാർട്ടർ

**2024 ഡിസംബറിൽ അന്തരിച്ച അമേരിക്കയുടെ മുൻ പ്രസിഡന്റ്**
**ജിമ്മി കാർട്ടർ**
- അമേരിക്കയുടെ 39-ാമത്തെ പ്രസിഡന്റായിരുന്നു ജിമ്മി കാർട്ടർ. 1977 മുതൽ 1981വരെയായിരുന്നു അദ്ദേഹം യുഎസ് ഭരിച്ചത്.
- മനുഷ്യാവകാശങ്ങളുടെയും ആഗോള സമാധാനത്തിന്റെയും ചാമ്പ്യൻ എന്നായിരുന്നു കാർട്ടർ അറിയപ്പെട്ടിരുന്നത്.
- ലോകമെമ്പാടും ജനാധിപത്യവും മനുഷ്യാവകാശങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് 2002-ൽ സമാധാനത്തിനുള്ള നോബേൽ സമ്മാനം ലഭിച്ചു.

---



**ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐഎസ്ആർഒ) സ്പേസ് ഡോക്കിംഗ് എക്സ്പിരിമെന്റ് (SpaDeX) ദൗത്യത്തിന്റെ ഭാഗമായി 2024 ഡിസംബറിൽ വിജയകരമായി വിക്ഷേപിച്ച രണ്ട് ഉപഗ്രഹങ്ങൾ**
**SDX01 (ചേസർ), SDX02 (ടാർഗെറ്റ്)**
- രണ്ട് കൃത്രിമ ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് കൂട്ടിച്ചേർക്കുന്ന അതിസങ്കീർണ ഡോക്കിംഗ് പരീക്ഷണ ദൗത്യമാണ് സ്പാഡെക്സ്.
- വിക്ഷേപണ വാഹനം - പിഎസ്എൽവി സി-60
- ദൗത്യം വിജയിച്ചാൽ ഡോക്കിംഗ് സാങ്കേതിക വിദ്യ സ്വന്തമായുള്ള നാലാമത്തെ രാജ്യമാകും ഇന്ത്യ. അമേരിക്ക, റഷ്യ, ചൈന എന്നീ രാജ്യങ്ങളുടെ കൈവശം മാത്രമാണ് നിലവിൽ ഈ സാങ്കേതികവിദ്യയുള്ളത്.

---




**ശാരീരിക വൈകല്യമുള്ളവരുടെ 2025ലെ ക്രിക്കറ്റ് ചാമ്പ്യൻസ് ട്രോഫിക്ക് വേദിയാകുന്നത്**
**കൊളംബോ, ശ്രീലങ്ക**

---


ജസ്പ്രീത് ബുംറ

**ഏറ്റവും വേഗത്തിൽ 200 ടെസ്റ്റ് വിക്കറ്റുകൾ നേടുന്ന ഇന്ത്യൻ പേസറെന്ന റെക്കോഡ് സ്വന്തമാക്കിയത്**
**ജസ്പ്രീത് ബുംറ**
- 44 ടെസ്റ്റ് മത്സരങ്ങളിൽ നിന്നാണ് ബുംറ 200 വിക്കറ്റുകൾ സ്വന്തമാക്കിയത്.

---



**2024ലെ സീനിയർ ദേശീയ പുരുഷ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പ് കിരീട ജേതാക്കൾ**
**കേരളം**